**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 134** **16-10-2026-ൽ മറുപടിയ്ക്ക്**

**വിദ്യാർത്ഥികൾക്ക് വെയിറ്റേജ്**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ**

ശ്രീമതി ഉമ തോമസ്

ശ്രീ. സേനാപതി വേണു

ശ്രീ. വി. ടി. സൂരജ്

ശ്രീ. എം. എം. നസീർ

**മറുപടി നൽകിയ മന്ത്രി**

ശ്രീ. റോജി എം. ജോൺ
(ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

**(എ)** വയോജന ക്ഷേമപ്രവർത്തനങ്ങളുടെ ഭാഗമാകുന്നവർക്ക് കോഴ്സുകളിലും ജോലികളിലും വെയിറ്റേജ് ലഭ്യമാക്കുന്ന വിധത്തിൽ കോളേജ് വിദ്യാർത്ഥികളെ ടൈം ബാങ്ക് പദ്ധതിയിലേക്ക് ആകർഷിക്കാൻ എന്തെല്ലാം കാര്യങ്ങൾ ചെയ്യാനാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ;

**മറുപടി:** ഉന്നതവിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന സ്റ്റേറ്റ് നാഷണൽ സർവീസ് സ്കീമിൽ പ്രവർത്തിക്കുന്ന വോളണ്ടിയർമാർക്ക് ഗ്രേസ് മാർക്ക് നിലവിൽ നൽകി വരുന്നുണ്ട്. വയോജന ക്ഷേമപ്രവർത്തനങ്ങളുടെ ഭാഗമാകുക എന്നത് എൻ.എസ്.എസ് വോളണ്ടിയർമാരുടെ പ്രവർത്തനങ്ങളിൽ ഒന്നു മാത്രമാണ്. വയോജനങ്ങളെ സംരക്ഷിക്കുക എന്നത് എൻ.എസ്.എസിന്റെ സാമൂഹിക പ്രവർത്തനങ്ങളുമായി ചേർന്ന് ചെയ്യുന്ന ഒരു പ്രോഗ്രാം ആയതിനാൽ പ്രത്യേക ഗ്രേസ് മാർക്ക് നൽകേണ്ട ആവശ്യമില്ല. എങ്കിലും വയോജന ക്ഷേമപ്രവർത്തനങ്ങളുടെ ഭാഗമായി ടൈം ബാങ്ക് പദ്ധതി തെരഞ്ഞെടുക്കപ്പെട്ട സ്ഥലങ്ങളിൽ നടപ്പിലാക്കുന്ന വിഷയം സർക്കാർ പരിശോധിച്ചു വരുന്നു.

**(ബി)** വയോജനങ്ങളുടെ പ്രശ്നങ്ങൾ പഠിച്ച് റിപ്പോർട്ട് തയ്യാറാക്കാൻ എൻ.എസ്.എസ് ക്യാമ്പുകൾ പ്രയോജനപ്പെടുത്തുമോ; അടുത്തഘട്ടമായി ഇത് എൻ.സി.സി., സ്റ്റുഡന്റ് പോലീസ് കേഡറ്റ് വിഭാഗങ്ങളിലേക്കും വ്യാപിപ്പിക്കുമോ; വ്യക്തമാക്കുമോ;

**മറുപടി:** ഡിസംബർ മാസത്തിൽ എൻ.എസ്.എസിന്റെ സപ്തദിന ക്യാമ്പ് സംഘടിപ്പിക്കുമ്പോൾ NSS ന്റെ ഗ്രാമദത്തെടുക്കൽ പരിപാടിയായ "മാനസ ഗ്രാമങ്ങളിൽ" വയോജന സർവ്വേ സംഘടിപ്പിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

**(സി)** എൻ.എസ്.എസ്. വോളന്റീയർമാരുടെ ഗ്രേസ് മാർക്ക് പ്രശ്നം പരിഹരിക്കുന്നതിന് സബ് കമ്മിറ്റി രൂപീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

**മറുപടി:** കോളേജ് തലത്തിൽ ഓരോ യൂണിവേഴ്സിറ്റിയിലും വ്യത്യസ്തമായ ഗ്രേസ് മാർക്ക് രീതിയാണ് തുടരുന്നത്. ആയതിനാൽ കേരളത്തിലെ വിവിധ യൂണിവേഴ്സിറ്റികൾ/ ഡയറക്ടറേറ്റുകൾ എന്നിവിടങ്ങളിൽ ഗ്രേസ് മാർക്ക് സംബന്ധിച്ച് നിലനിൽക്കുന്ന വിഷയങ്ങൾ പരിഹരിക്കുന്നതിനും ഗ്രേസ് മാർക്കിന് ഒരു ഏകീകരണ സ്വഭാവം വരുത്തുന്നതിനുമായി സംസ്ഥാന എൻ.എസ്.എസ് ഓഫീസർ അദ്ധ്യക്ഷനായും, കേരളത്തിലെ എല്ലാ യൂണിവേഴ്സിറ്റി/ ഡയറക്ടറേറ്റുകളിലെ പ്രോഗ്രാം കോർഡിനേറ്റർമാരെയും, ഇ.റ്റി.ഐ കോർഡിനേറ്റർമാരെയും, അംഗങ്ങളായി ചുമതലപ്പെടുത്തിയും 30.09.2026 ലെ ഉത്തരവ് നമ്പർ. എ1/264/2022/ എൻ.എസ്.എസ്. (അനുബന്ധമായി ചേർക്കുന്നു) പ്രകാരം ഒരു സബ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**

# <u>സംസ്ഥാന എൻ.എസ്.എസ്. ഓഫീസറുടെ നടപടിക്രമങ്ങൾ</u>

**<u>ഹാജർ. ഡോ. മനു.വി (സംസ്ഥാന എൻ.എസ്.എസ്. ആഫീസറുടെ പൂർണ്ണ അധികചുമതല)</u>**

സംസ്ഥാനഎൻ.എസ്.എസ്ഓഫീസ്-തിരുവനന്തപുരം- ഗ്രേസ് മാർക്ക്- സബ് കമ്മിറ്റി രൂപീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്

---

**ഉത്തരവ് നമ്പർ. എ1/264/2022/ എൻ.എസ്.എസ്.** **തീയതി- 30.09.2026**

---

**പരാമർശം:** ബഹു ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ 15.09 2026 ന് കൂടിയ സംസ്ഥാന നാഷണൽ സർവീസ് സ്കീമിന്റെ 2026-27 വർഷത്തെ ഉപദേശക സമിതി യോഗത്തിലെ തീരുമാനം

## <u>ഉത്തരവ്</u>

കേരളത്തിലെ വിവിധ യൂണിവേഴ്സിറ്റികൾ /ഡയറക്ടറേറ്റുകൾ എന്നിവിടങ്ങളിൽ ഗ്രേസ് മാർക്ക് സംബന്ധിച്ച് നിലനിൽക്കുന്ന വിഷയങ്ങൾ പരിഹരിക്കുന്നതിനും ഗ്രേസ് മാർക്കിന് ഒരു ഏകീകരണ സ്വഭാവം വരുത്തുന്നതിനുമായി സംസ്ഥാന എൻ എസ് എസ് ഓഫീസർ അധ്യക്ഷനായും കേരളത്തിലെ എല്ലാ യൂണിവേഴ്സിറ്റി /ഡയറക്ടറേറ്റുകളിലെ പ്രോഗ്രാം കോർഡിനേറ്റർമാരെയും ഇ.റ്റി.ഐ കോർഡിനേറ്റർമാരെയും അംഗങ്ങളായും ചുമതലപ്പെടുത്തി ഒരു സബ് കമ്മിറ്റി രൂപീകരിച്ച് ഇതിനാൽ ഉത്തരവാകുന്നു. ആവശ്യമുള്ള പക്ഷം ഈ മേഖലയിലെ പ്രമുഖ വ്യക്തികളെയോ വിദഗ്ദ്ധരെയോ കമ്മറ്റിയിൽ ഉൾപ്പെടുത്തി അഭിപ്രായം ആരാഞ്ഞ് ഗ്രേസ് മാർക്ക് ഏകീകരണം സംബന്ധിച്ച റിപ്പോർട്ട് **സർക്കാരിലേക്ക്** സമർപ്പിക്കുന്നതിനായി അടിയന്തിരമായി തയ്യാറാക്കേണ്ടതാണ്.

**ഡോ. മനു.വി**
**സംസ്ഥാന എൻ എസ് എസ് ഓഫീസർ**
**സംസ്ഥാന എൻ.എസ്.എസ്. ഓഫീസ്**

സംസ്ഥാന എൻ എസ് എസ് ഓഫീസർ
സംസ്ഥാന എൻ എസ് എസ് ഓഫീസ്
വികാസ്ഭവൻ
തിരുവനന്തപുരം
കേരള സർക്കാർ

1. സ്റ്റോക്ക് ഫയൽ

സെക്ഷൻ ഓഫീസർ